# സാമാന്യബുദ്ധി പരീക്ഷിക്കുന്ന കുട്ടിക്കളികൾ

കാഞ്ചന

കുട്ടികളുടെ ലോകപരിചയം പ്രയോജനപ്പെടുത്തുകയും വർദ്ധിപ്പിക്കുകയും ചെയ്യാനുപകരിക്കുന്ന പല വായ്മൊഴി വിനോദങ്ങളും നമ്മുടെ ഭാഷയിൽ പ്രചാരത്തിലുണ്ട്. അതിൽ ചിലത് പരിചയപ്പെടുക.

## കൊമ്പേറാം കളി

കുട്ടികൾ ഒരുമിച്ചിരിക്കും. ഒരാൾ ഓരോ ജീവികളുടെ പേര് പറഞ്ഞ് അതിന്റെ കൊമ്പേറാം എന്നു പറയും. ബാക്കിയുള്ളവർ കൊമ്പുള്ള ജീവിയുടെ പേരാണ് ഒന്നാമൻ പറഞ്ഞതെങ്കിൽ ഉടനെ മൂളണം. കൊമ്പില്ലാത്ത ജീവിയുടെ പേരുപറഞ്ഞ് കൊമ്പേറാം പറഞ്ഞാൽ മൂളരുത്.

അങ്ങിനെ തെറ്റിമൂളുന്നവർ കളിയ്ക്കു പുറത്താകും. ആലോചിക്കാൻ സമയമെടുക്കാതെ പെട്ടെന്ന് മൂളണം.

| | |
|---|---|
| ആനേടെ കൊമ്പേറാം | 'ഉം' |
| കാളേടെ കൊമ്പേറാം | 'ഉം' |
| ആടിന്റെ കൊമ്പേറാം | 'ഉം' |
| കുതിരേടെ കൊമ്പേറാം | (മൂളരുത്) |
| പശുവിന്റെ കൊമ്പേറാം | 'ഉം' |
| മാനിന്റെ കൊമ്പേറാം | 'ഉം' |
| മുയലിന്റെ കൊമ്പേറാം | (മൂളരുത്) |

## തന്നാൽ തിന്നാം

മേൽപറഞ്ഞപോലെ ഒരാൾ ഓരോ പദാർത്ഥങ്ങളുടെ പേരിനോടൊപ്പം തന്നാൽ എന്നു ചേർത്തു പറയും. അതു തിന്നാവുന്നതാണെങ്കിൽ ബാക്കിയുള്ളവർ തിന്നാം എന്നു പറയണം. അല്ലെങ്കിൽ മിണ്ടരുത്. ഇത് കുറേക്കൂടി രസമുള്ള കളിയാണ്.

| | |
|---|---|
| ചോറ് തന്നാൽ | 'തിന്നാം' |
| ചാറ് തന്നാൽ | 'തിന്നാം' |
| ചേറ് തന്നാൽ | (മൗനം) |
| അപ്പം തന്നാൽ | 'തിന്നാം' |
| പുട്ട് തന്നാൽ | 'തിന്നാം' |
| തീട്ടം തന്നാൽ | (മൗനം) |
| ബെല്ലം തന്നാൽ | 'തിന്നാം' |
| കല്ല് തന്നാൽ | (മൗനം) |

## പറ പറ

ഇതിൽ ഒരാൾ വെറുതെ ചില പക്ഷിമൃഗാദികളുടെ പേരുമാത്രം പറയും. പക്ഷികളുടെ പേരു പറയുമ്പോൾ മാത്രം മറ്റുള്ളവർ "പറ പറ" (പറക്കു പറക്കു എന്നർത്ഥം) എന്നു ചൊല്ലണം.

| | |
|---|---|
| കാക്കേ | പറപറ |
| കുയിലേ | പറപറ |
| മയിലേ | പറപറ |
| മുയലേ | (മൗനം) |
| താത്തേ | പറപറ |
| കോഴീ | പറപറ |
| പാമ്പേ | (മൗനം) |